**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്ത് - 2008-09-വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8- സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം.640/2021/തസ്വഭവ. തിരുവനന്തപുരം, തീയതി. 26/02/2021.**

---

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 13.12.2013 ലെ എം3-45017/13 നമ്പർ കത്ത്

2) കരൂർ പഞ്ചായത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡൻറിന്റെ 18.05.2013 ലെ എ 2.3981/12 നമ്പർ കത്ത്.

3) ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ 19/11/2013 ലെ യോഗതീരുമാനം.

4) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 12/09/2014 ലെ എൽ എഫ്/ പിറ്റി1/11524/14 നമ്പർ കത്ത്.

5) പഞ്ചായത്ത് ഡയറക്ടറുടെ 03/06/2020 ലെ PAN/14602/2019-M3(DP) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തിൽ നടപ്പിലാക്കിയ വൃദ്ധർ-വികലാംഗർക്ക് ഉപകരണം വാങ്ങി നല്കൽ പദ്ധതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കണ്ണട വിതരണം ചെയ്തതിനാൽ കണ്ണട വിതരണം ചെയ്ത നടപടിയ്ക്ക് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചുകൊണ്ടും 2,50,000/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിൽ 36,054/-രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടും പദ്ധതിയ്ക്കായി ചെലവഴിച്ച 2,50,000/- രൂപ ടി വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.8 പ്രകാരം നിരാകരിച്ചിരുന്നു. ടി പദ്ധതിയ്ക്ക് സാധൂകരണത്തിനായി സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/05/2013 ൽ കൂടിയ യോഗം IV I(31) നമ്പരായും ഐകകണ്ഠ്യേന തീരുമാനമെടുക്കുകയും അതിൻപ്രകാരം സർക്കാരിലേയ്ക്ക് സാധൂകരണാപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു.

ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ 10/10/2013 ൽ കൂടിയ യോഗം ഇക്കാര്യം പരിഗണിക്കുകയും നിർവഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ കണ്ണട വിതരണം അനുവദിച്ചിട്ടില്ലാത്തതിനാൽ ചെലവായ തുകയ്ക്ക് സർക്കാർ സാധൂകരണത്തിനായി ശിപാർശ ചെയ്തിരുന്നു. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി കണ്ണട വിതരണം ചെയ്തതിന് സാധൂകരണം നല്കാമെന്നും എന്നാൽ 2,50,000/- രൂപയുടെ

ഉപകരണങ്ങൾ വാങ്ങിയതിൽ വിതരണം ചെയ്യാതെ അവശേഷിച്ച 36,054/- രൂപയുടെ ഉപകരണങ്ങൾ അർഹരായവർക്ക് വിതരണം ചെയ്ത് ഓഡിറ്റിനെ ബോധ്യപ്പെടുത്തി വിവരം സർക്കാരിനെ അറിയിക്കണമെന്ന സർക്കാർ നിർദ്ദേശത്തെ തുടർന്ന് വിതരണം ചെയ്യാതെ അവശേഷിച്ച 36,054/-രൂപയുടെ ഉപകരണങ്ങൾ അർഹരായവർക്ക് വിതരണം ചെയ്തിട്ടുള്ളതായി കരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ സൂചന (5) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമൂഹത്തിൽ അവശത അനുഭവിക്കുന്നവർക്കായി നടപ്പിലാക്കിയ പദ്ധതി എന്നത് പരിഗണിച്ചും, പഞ്ചായത്ത് ഭരണസമിതി, ജില്ലാ മോണിറ്ററിംഗ് സമിതി എന്നിവയുടെ യോഗതീരുമാനങ്ങൾ കണക്കിലെടുത്തും ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, എന്നിവരുടെ അനുകൂല ശിപാർശ കണക്കിലെടുത്തും കോട്ടയം ജില്ലയിലെ കരൂർ ഗ്രാമപഞ്ചായത്തിലെ കേരളാ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് 2008-09, ഖണ്ഡിക 3.8 പ്രകാരം തടസ്സപ്പെടുത്തിയ 2,50,000/-(രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ജെയ്സി പോൾ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്:

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.

സെക്രട്ടറി, കരൂർ ഗ്രാപഞ്ചായത്ത്, കോട്ടയം.

ഇൻഫർമേഷൻകേരളമിഷൻ

(വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി)

ഡെപ്യൂട്ടി ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**